# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

# ബൈബിൾ
## യൂണിറ്റ് A
## പഠനം 1. ഒരു ഗ്രന്ഥശാല

പേര്.............................................

**വായനാഭാഗം: സങ്കീർത്തനം 119:9–16**

**താക്കോൽവാക്യം:– എബ്രായർ 1:1**

**"ദൈവം പണ്ടു ഭാഗം ഭാഗമായും ....... പിതാക്കന്മാരോട് അരുളി ചെയ്തിട്ട് "**

ലോകത്തിലെ ഏറ്റവും ശ്രേഷ്ഠതയുള്ള പുസ്തകമായ – ബൈബിളിന്റെ പ്രാധാന്യതയും പശ്ചാത്തലവും മനസ്സിലാക്കുന്നതിന് ഈ പഠന പരമ്പര നിങ്ങളെ സഹായിക്കും. ചിലപ്പോൾ ഇത് 'ദൈവവചനം' എന്ന് വിളിക്കപ്പെടുന്നു കാരണം ഇത് ദൈവത്തിൽ നിന്ന് ഉത്ഭവിച്ചതാണ്, ഇതിനെ 'തിരുവെഴുത്തുകൾ' എന്നും വിളിക്കപ്പെടുന്നു കാരണം ഇവ യഥാർത്ഥത്തിൽ എഴുതപ്പെട്ടവയാണ്.

(ഒരു തിരക്കഥ) ബൈബിൾ പഠനം തന്റെ ജീവിതത്തിലെ സുപ്രധാനഭാഗമാണെന്ന് തിരിച്ചറിയാത്തിടത്തോളം കാലം ഒരു ക്രിസ്ത്യാനിയും തന്റെ ആത്മീയ ജീവിതത്തിൽ മുന്നേറുകയില്ല. സുപ്രധാന ഫ്രഞ്ച് സേനാപതികളിൽ ഒരാളായ നെപ്പോളിയൻ ബോണപ്പാർട്ട്, ബൈബിളിന്റെ മൂല്യത്തെ ചുരുക്കത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്, "ബൈബിൾ വെറുമൊരു പുസ്തകമല്ല, മറിച്ച് എതിർക്കുന്നവരെയെല്ലാം കീഴടക്കുന്ന ജീവനുള്ള ശക്തിയാണ്" ബൈബിൾ ഒരു പുസ്തകമല്ല, മറിച്ച് പുസ്തകങ്ങളുടെ ഒരു സമാഹാരമാണ് ഇംഗ്ലീഷ് ഭാഷയിലെ 'ബൈബിൾ' എന്ന വാക്ക് 'പുസ്തകങ്ങൾ' അഥവാ 'പുസ്തകങ്ങളുടെ ഒരു സമാഹാരം' എന്നർത്ഥം വരുന്ന ഗ്രീക്ക് ഭാഷയിൽ നിന്നുമാണ് വരുന്നത്– ഇത് ഏകദേശം ഒരു ഗ്രന്ഥശാലക്ക് സമാനമാണ്.

ബൈബിൾ 66 പുസ്തകങ്ങളാൽ സമാഹരിക്കപ്പെട്ടതാണ്. ഈ പുസ്തകങ്ങൾ പ്രധാനപ്പെട്ട രണ്ട് ഭാഗങ്ങളായി തരം തിരിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തെ ഭാഗത്തെ പഴയനിയമമെന്നും രണ്ടാമത്തെ ഭാഗത്തെ പുതിയനിയമമെന്നും വിളിക്കപ്പെടുന്നു. 'നിയമം' എന്ന വാക്കിന്റെ അർത്ഥം 'ഉടമ്പടി' അഥവാ 'വാഗ്ദത്തം' എന്നാണ്. വളരെ പണ്ട് ദൈവം യിസ്രായേല്യരോട് ചെയ്ത ഒരു ഉടമ്പടിയെക്കുറിച്ചാണ് പഴയനിയമം പ്രതിപാദിക്കുന്നത്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരോടും ദൈവം ചെയ്ത ഉടമ്പടിയെക്കുറിച്ചുള്ളതാണ് പുതിയനിയമം. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളുമുണ്ട്. അങ്ങനെയാകുമ്പോൾ ബൈബിൾ ഒരു ചെറിയ ഗ്രന്ഥശാലയാണ്. 1500 വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന സുപ്രധാന ക്രിസ്തീയ അദ്ധ്യാപകനായിരുന്ന ജെറോം ബൈബിളിനെ വിളിച്ചത് 'ദിവ്യമായ ഗ്രന്ഥശാല' എന്നാണ്.

**1. ബൈബിളിലെ പുസ്തകങ്ങൾ വിവിധ മനുഷ്യരാൽ എഴുതപ്പെട്ടവയാണ്.**

ബൈബിൾ ഒരു എഴുത്തുകാരന്റെ സൃഷ്ടിയല്ല. ഒന്നാമത്തെ എഴുത്തുകാരൻ മോശയും അവസാനത്തേത് അപ്പോസ്തലനായ യോഹന്നാനും ആയിരുന്നു. മോശയ്ക്കും യോഹന്നാനും ഇടയിലായി കുറഞ്ഞത് 35 വേറെ എഴുത്തുകാരുമുണ്ട്.

വ്യത്യസ്തമായ ജോലികൾ ചെയ്ത പല തരത്തിലുള്ള ആളുകളാലാണ് ബൈബിളിലെ പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുള്ളത്. ഇതിൽ യഹൂദ പുരോഹിതന്മാർ, രാജാക്കന്മാർ, പ്രവാചകന്മാർ, ഇടയന്മാർ, മുക്കുവന്മാർ ഇങ്ങനെ പലരുമുണ്ട്. പഴം ശേഖരിക്കുന്ന ഒരുവൻ, ഒരു പ്രധാനമന്ത്രി, കരം പിരിക്കുന്ന ഒരുവൻ, ഒരു വൈദ്യൻ, കൂടാരം നിർമ്മിക്കുന്ന ഒരുവൻ എന്നിവരും ബൈബിളിലെ പുസ്തകങ്ങൾ എഴുതിയവരുടെ കൂട്ടത്തിലുണ്ട്. പുതിയനിയമത്തിലെ എബ്രായലേഖനം പോലെയുള്ള ചില പുസ്തകങ്ങൾ പേരു വയ്ക്കാത്തതും അവയെ ആരാണ് എഴുതിയതെന്ന് അറിയുവാൻ സാധിക്കാത്തതുമാണ്.

ചില എഴുത്തുകാർ വളരെ നൈപുണ്യമുള്ളവരായിരുന്നു. ഉദാഹരണത്തിന് മോശെ, പ്രാചീന മിസ്രയിമിന്റെ വിവേകത്തിൽ പ്രാഗത്ഭ്യം നേടിയിട്ടുണ്ട്, ഈ മിസ്രയിമ്യർ തന്നെയാണ് സ്ഫിൻക്സും പിരമിഡുകളുമൊക്കെ ഉണ്ടാക്കിയത്. ബാബിലോണിലെ ഏറ്റവും നല്ല സ്കൂളുകളിലാണ് ദാനിയേൽ വിദ്യാഭ്യാസം നേടിയത്. അപ്പോസ്തലനായ പൗലോസ് യെരുശലേമിൽ വളരെ ബുദ്ധിമാനായ ഒരു യഹൂദ റബ്ബിയിൽ നിന്നുമാണ് പഠിച്ചത്.

ബൈബിളിന്റെ എല്ലാ എഴുത്തുകാരും ഇങ്ങനെയുള്ളവരായിരുന്നില്ല. ഉദാഹരണത്തിന് പത്രോസും യോഹന്നാനും പഠിപ്പില്ലാത്തവരായിരുന്നു. ഒരിക്കൽ 'അവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ' മനുഷ്യരെന്ന് വിളിക്കപ്പെട്ടു (*അപ്പൊ.പ്ര. 4:13*) ഈ ആളുകളിൽ പലർക്കും പരസ്പരം യാതൊരു ബന്ധവുമില്ലായിരുന്നു. അത് മാത്രവുമല്ല അവരുടെ എഴുത്തുകളെല്ലാം കൂടി ഒരു പുസ്തകമാക്കുമ്പോൾ അത് പൂർണ്ണമാകുമെന്നും മനസ്സിലാക്കുവാൻ കഴിയുമായിരുന്നില്ല. ഇപ്രകാരം വ്യത്യസ്തരായ എഴുത്തുകാർ ഉണ്ടെങ്കിലും, മനുഷ്യരോടുള്ള ദൈവത്തിന്റെ ഇടപെടലുകളെ കേന്ദ്രീകരിക്കുന്ന ഏക സന്ദേശമാണ് ബൈബിളിൽ ഉടനീളമുള്ളത്. ഇത് സ്തുത്യർഹമായ കാര്യം തന്നെയാണ്.

**2. ബൈബിളിലെ പുസ്തകങ്ങൾ വിവിധ സ്ഥലങ്ങളിൽ എഴുതപ്പെട്ടവയാണ്.**

പൗലോസിന്റെ ചില ലേഖനങ്ങൾ കാരാഗൃഹത്തിൽ നിന്ന് എഴുതപ്പെട്ടവയാണ്. എന്നാൽ മറുഭാഗത്ത്, ബൈബിളിന്റെ ചില ഭാഗങ്ങൾ കൊട്ടാരത്തിൽ നിന്ന് എഴുതപ്പെട്ടവയാണ്. ദാവീദിന്റെ സങ്കീർത്തനങ്ങളിൽ കുറഞ്ഞത് ഒരെണ്ണം ഗുഹയിൽ നിന്നും *(സങ്കീർത്തനം 142)* എഴുതപ്പെട്ടതാണ് മറ്റൊരെണ്ണം ഒരു പക്ഷെ തുറസ്സായ സ്ഥലത്ത് ഒരു തെളിഞ്ഞ രാത്രിയിൽ എഴുതപ്പെട്ടതും (സങ്കീർത്തനം 8). ഈ പുസ്തകങ്ങൾ എല്ലാം തന്നെ പ്രാചീനകാലത്ത് അറിയപ്പെട്ടിരുന്ന വിവിധ സ്ഥലങ്ങളിൽ നിന്ന് എഴുതപ്പെട്ടവയാണ്. ചിലത് യെരുശലേമിൽ വെച്ച് എഴുതപ്പെടുകയും മറ്റു ചിലത് ബാബിലോണിൽ വെച്ച് രചിക്കപ്പെടുകയും ചെയ്തു. പൗലോസിന്റെ ചില ലേഖനങ്ങൾ റോമിൽ നിന്നുമുള്ളവയാണ്. ഉത്ഭവസ്ഥാനം അറിയാത്ത ചില പുസ്തകങ്ങളുമുണ്ട്.

**3. ബൈബിളിലെ പുസ്തകങ്ങൾ വിവിധ സമയങ്ങളിൽ എഴുതപ്പെട്ടവയാണ്.**

ബൈബിളിലെ പുസ്തകങ്ങളെല്ലാം ഒരേ സമയത്ത് എഴുതപ്പെട്ടവയല്ല ചില സന്ദർഭങ്ങളിൽ ഒരു എഴുത്തുകാരനും മറ്റൊരു എഴുത്തുകാരനും മദ്ധ്യേ നൂറുകണക്കിന് വർഷങ്ങൾ ഉണ്ടാകാം. മൊത്തത്തിൽ ബൈബിൾ പൂർണ്ണമായും എഴുതുവാൻ 1500 വർഷങ്ങളോളം എടുത്തു. എന്നിരുന്നാലും ഇത് ഏകദേശം 2000 വർഷങ്ങൾക്കുമുമ്പാണ് പൂർത്തിയായത്, അതായത്, പ്രാരംഭ പുസ്തകങ്ങൾ വളരെ പഴക്കം ചെന്നവയാണ്!

**4. ബൈബിളിലെ പുസ്തകങ്ങൾ വിവിധ ഭാഷകളിൽ എഴുതപ്പെട്ടവയാണ്.**

പ്രാരംഭത്തിൽ, പുതിയനിയമത്തിലെ പുസ്തകങ്ങൾ എല്ലാം തന്നെ ഗ്രീക്കിലാണ് എഴുതപ്പെട്ടത്. പഴയനിയമ ഗ്രീക്കിലല്ല എഴുതപ്പെട്ടതെങ്കിലും പിന്നീട് ഇവ ഗ്രീക്കിലേക്ക് തർജ്ജമ ചെയ്യപ്പെട്ടു. ഏഴ് അദ്ധ്യായങ്ങൾ അരാമ്യ ഭാഷയിലും, (ശേഷമുള്ളവ 922 അദ്ധ്യായങ്ങൾ) എബ്രായഭാഷയിലുമാണ് എഴുതപ്പെട്ടത്.

14–ാം നൂറ്റാണ്ടു വരെ ബ്രിട്ടണിൽ ബൈബിൾ എബ്രായ ഭാഷയിലോ ഗ്രീക്കു ഭാഷയിലോ ലത്തീൻ ഭാഷയിലോ മാത്രമേ വായിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. അതായത്, ഭൂരിപക്ഷം ആളുകൾക്കും, അവർക്ക് ബൈബിൾ സ്വന്തമായി വാങ്ങുവാൻ കഴിവുള്ളവരായിരുന്നെങ്കിൽ പോലും, വായിക്കുവാൻ കഴിയുമായിരുന്നില്ല. അനേക വർഷങ്ങളിലായി ഏറിയ പരിശ്രമത്തിനൊടുവിൽ ബൈബിൾ വ്യക്തവും മനസ്സിലാകുന്നതുമായ ഇംഗ്ലീഷ് ഭാഷയിൽ തർജ്ജമ ചെയ്യപ്പെട്ടു, മാത്രമല്ല ഏവർക്കും ഉപയോഗിക്കത്തക്ക നിലയിൽ ഇവയെ അച്ചടി രൂപത്തിലാക്കുകയും ചെയ്തു.

ബൈബിൾ ഇപ്പോൾ നമ്മുടെ ഭാഷയിലും തർജ്ജമ ചെയ്യപ്പെട്ടു കിട്ടിയതിൽ നാം നന്ദിയുള്ളവരായിരിക്കണം. അല്ലായിരുന്നുവെങ്കിൽ ബൈബിൾ എന്താണെന്ന് നമ്മിൽ ഭൂരിഭാഗം പേർക്കും അറിയുവാൻ സാധിക്കുമായിരുന്നില്ല. ഈ പുസ്തകങ്ങളിൽ വാസ്തവത്തിൽ എന്താണുള്ളതെന്ന് കണ്ടെത്തുന്നതാണ് അടുത്ത പഠനത്തിൽ ഉള്ളത്.

❶ ചുവടെയുള്ള പ്രസ്താവനകൾ ശരിയോ തെറ്റോ എന്നെഴുതുക:-

a. ബൈബിൾ എഴുതുവാൻ ദൈവം ബുദ്ധിയും വിദ്യാഭ്യാസമുള്ളവരേയും മാത്രമാണ് ഉപയോഗിച്ചത് ..........................

b. പുതിയനിയമത്തിൽ 27 പുസ്തകങ്ങളും പഴയനിയമത്തിൽ 89 പുസ്തകങ്ങളുമുണ്ട് ................................

c. ക്രിസ്തുവിന് മുമ്പ് ബൈബിൾ പൂർത്തിയാക്കപ്പെട്ടിരുന്നു ................................

d. ബൈബിളിലെ ഓരോ പുസ്തകങ്ങളും എഴുതിയത് ആരാണെന്ന് നമുക്കറിയാം ................................

e. പുതിയനിയമത്തിലെ ഏകദേശം പകുതി പുസ്തകങ്ങൾ എഴുതിയത് ഒരാളാണ് ................................ 5

**(നിങ്ങളുടെ ബൈബിളിലെ പുതിയനിയമ പുസ്തകങ്ങളുടെ തലക്കെട്ടുകൾ ശ്രദ്ധിക്കുക)**

❷ സങ്കീർത്തനം 119 വളരെ ശ്രദ്ധേയമായ ഒന്നാണ്. കാരണം ഒരു തരത്തിൽ, ബൈബിളിലെ ഏറ്റവും വലിയ അദ്ധ്യായം എന്നുള്ളതും മറ്റൊരു തരത്തിൽ, ഇതിൽ മിക്കവാറും എല്ലാ വാക്യങ്ങളും ബൈബിൾ ദൈവവചനമെന്ന നിലയിൽ വ്യത്യസ്തമായ വാക്കുകളാൽ രേഖപ്പെടുത്തിയിരിക്കുന്നു. വായനാഭാഗം ശ്രദ്ധിച്ച ശേഷം ബൈബിളിന് പകരമായി ഉപയോഗിച്ചിരിക്കുന്ന വ്യത്യസ്ത പേരുകളുടെ ഒരു പട്ടിക തയ്യാറാക്കുക ................................................................
..........................................................................................................................................................
................................................................ 4

❸ വായനാഭാഗത്ത് നിന്നും എടുത്തെഴുതുക.

a. എഴുത്തുകാരൻ ദൈവവചനം എവിടെ സംഗ്രഹിച്ചു എന്നു പറയുന്ന വാക്യഭാഗം.

..........................................................................................................................

b. താൻ അത് എന്തിനു വേണ്ടിയാണ് ചെയ്യുന്നതെന്ന് വിവരിക്കുന്ന വാക്യഭാഗം.

..........................................................................................................................

c. നമുക്ക് എങ്ങനെ ഒരു ശുദ്ധിയുള്ള ജീവിതം നയിക്കാമെന്ന മനസ്സിലാക്കുന്ന വാക്യഭാഗം.

..........................................................................................................................

d. ദൈവവചനം പറയുന്നതിന് വളരെ ശ്രദ്ധ കൊടുക്കണമെന്ന് പറയുന്ന വായനഭാഗം.

..........................................................................................................................

e. നാം എപ്പോഴും ദൈവവചനം അനുസരിക്കണം എന്ന് ഓർമ്മപ്പെടുത്തുന്ന വാക്യഭാഗം.

.......................................................................................................................... 5

❹ ഓരോ ദിവസവും നമ്മുടെ സംസാരഭാഷയിൽ ബൈബിളിലെ എത്ര പ്രയോഗങ്ങളാണ് നാം ഉപയോഗിക്കാറുള്ളതെന്നത് ആശ്ചര്യകരമായ കാര്യമാണ്, ഒരുപക്ഷെ സംസാരിക്കുന്നയാൾ താൻ ബൈബിളിൽ നിന്നുമാണ് ഉദ്ധരിക്കുന്നത് എന്ന് മനസ്സിലാക്കുന്നുണ്ടാവില്ല. ചുവടെയുള്ള വാക്യങ്ങൾ പരിശോധിച്ചശേഷം നമ്മുടെ ഭാഷയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു പ്രയോഗമോ വാക്യമോ എടുത്തെഴുതുക.

***ഇയ്യോബ് 4:15*** ..........................................................................................

***ഇയ്യോബ് 19:20*** ..........................................................................................

***സഭാപ്രസംഗി 10:20*** .......................................................................................... 4

***മത്തായി 26:41*** ..........................................................................................

❺ ബൈബിൾ മുടക്കുവാനോ, കത്തിക്കുവാനോ കുഴിച്ചു മൂടുവാനോ ഒക്കെയുള്ള മനുഷ്യന്റെ പ്രയത്നത്തിന്റെ പരീക്ഷണത്തിലും ബൈബിൾ ഉറച്ചു നിന്നു. 1 പത്രോസ് 1:23-25 വായിച്ചശേഷം, ബൈബിളിന്റെ നിലനിൽപ്പിനെക്കുറിച്ച് പത്രോസ് പറഞ്ഞിരിക്കുന്നത് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.

..........................................................................................................................
..........................................................................................................................
.......................................................................................................................... 3

❻ ബൈബിൾ ദിനവും വായിക്കേണ്ടതിന്റെ മൂല്യത്തെക്കുറിച്ച് ഒരു പുതുവിശ്വാസിയെ നിങ്ങൾ എങ്ങനെ പറഞ്ഞ് മനസ്സിലാക്കും? (ഒരുപക്ഷെ നിങ്ങളുടെ തന്നെ അനുഭവം മറ്റൊരാളെ സഹായിച്ചേക്കാം)

..........................................................................................................................
.......................................................................................................................... 4
..........................................................................................................................

25

ആകെ മാർക്ക്

# ന്യൂലൈഫ്
## ബൈബിൾ പഠന കോഴ്സ്

# ബൈബിൾ
## യൂണിറ്റ് A

### പഠനം 2. ഒരു ഏകത്വം

പേര്.............................................

**താക്കോൽവാക്യം: 2 തിമോഥെയോസ് 3:16**

**"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ഉപദേശത്തിനും, ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു"**

കഴിഞ്ഞ പഠനത്തിൽ ബൈബിളിന്റെ രണ്ട് വിഭജനത്തെക്കുറിച്ച് വിശദീകരിച്ചിരുന്നു. ഈ പഠനത്തിൽ പഴയനിയമത്തെ വീണ്ടും നാല് ഘടകങ്ങളായിട്ട് വിഭജിച്ചിരിക്കുന്നു.

1. **ന്യായപ്രമാണം** ഉത്പത്തി മുതൽ ആവർത്തനം വരെ
2. **ചരിത്ര** പുസ്തകങ്ങൾ യോശുവ മുതൽ ഇയ്യോബ് വരെ
3. **കാവ്യ** പുസ്തകങ്ങൾ സങ്കീർത്തനം മുതൽ ഉത്തമഗീതം വരെ
4. **പ്രവചന** പുസ്തകങ്ങൾ യെശയ്യാവ് മുതൽ മലാഖി വരെ

**ന്യായപ്രമാണം** പ്രതിപാദിക്കുന്ന വിഷയങ്ങളാണ് ലോകത്തിന്റെ സൃഷ്ടി, ജലപ്രളയം, അബ്രഹാം, യിസഹാക്ക് എന്നിവരിൽ തുടങ്ങി മിസ്രയീമിൽ അടിമകളായപ്പോൾ വരെയുള്ള യിസ്രായേലിന്റെ വളർച്ച മുതലായവ. അതിനുശേഷം പുറപ്പാട്, അത് മിസ്രയിമിൽ നിന്നും മോശെയിൽ ആരംഭിച്ച്, മരുഭൂമിയിലൂടെയുള്ള യാത്ര തുടർന്ന് വാഗ്ദത്തദേശമായ കനാൻദേശം വരെ എത്തി നിൽക്കുന്നു. ലേവ്യ പുസ്തകവും സംഖ്യാപുസ്തകവും കൂടുതലായി രേഖപ്പെടുത്തുന്നത് യിസ്രായേൽ ഒരു രാജ്യം എന്ന നിലയിൽ എപ്രകാരമുള്ള സ്വഭാവമാണ് ഉണ്ടായിരിക്കേണ്ടത് എന്നും എങ്ങനെയാണ് ദൈവത്തെ ആരാധിക്കേണ്ടത് എന്നതിനെക്കുറിച്ച് ദൈവം അവർക്കു നൽകിയ കല്പനകളെ രേഖപ്പെടുത്തിയിരിക്കുന്നു. അവയിൽ ചിലത് ലോകത്തിന്റെ വിവിധ രാജ്യങ്ങളിലെ നിയമത്തിന്റെ അടിസ്ഥാനഘടകമായി എടുത്തിരിക്കുന്നു.

**ചരിത്ര പുസ്തകങ്ങൾ** രേഖപ്പെടുത്തുന്നത് മോശെയുടെ മരണം മുതൽ അവർ ബാബിലോണിലേക്ക് പ്രവാസികളായി കൊണ്ടു പോയതുവരെയും എഴുപത് വർഷങ്ങൾക്കു ശേഷം യെരുശലേമും ദൈവാലയവും പുനർനിർമ്മാണം ചെയ്യുവാനുമായി മടങ്ങി വരുന്നതുവരെയുള്ള ചരിത്രമാണ്. ഇത് ഏകദേശം 300 വർഷങ്ങളുടെ ദൈർഘ്യമാണ്. ഇത് നമ്മെ മോശെയ്ക്കുശേഷമുള്ള നായകനായ യോശുവയിൽ തുടങ്ങി ഗിദയോനേയും ശിംശോനേയും പോലെയുള്ള ന്യായാധിപന്മാർ യിസ്രായേലിനെ ഭരിച്ച കാലഘട്ടത്തിലൂടെ നയിക്കുന്നു. ഇത് ഒന്നാമത്തെ രാജാവായ ശൗലിനെ അന്വേഷിക്കുന്നതു മുതൽ ദാവീദ് രാജാവിന്റെ ഭരണം വരെയുള്ള കാര്യങ്ങൾ വിശദീകരിക്കുന്നു. യെരുശലേമിലേക്കുള്ള യിസ്രായേലിന്റെ മടങ്ങി വരവിനെക്കുറിച്ചും രാജ്യത്തിന്റെ പുനഃസ്ഥാപനത്തെക്കുറിച്ചുമുള്ള ആശ്ചര്യജനകമായ കഥയാണ് എസ്രായും നെഹമ്യാവും രേഖപ്പെടുത്തുന്നത്.

**കാവ്യപുസ്തകങ്ങൾ** ഉൾപ്പെടുത്തുന്നത് ബൈബിളിലെ ചില മഹത്തായ കൃതികളെയാണ്. ദൈവത്തോടുള്ള മനുഷ്യരുടെ ഭക്തിയെക്കുറിച്ച് അത്ഭുതാവഹമായ ചില അറിവുകൾ നൽകുന്നവയാണ് സങ്കീർത്തനങ്ങൾ. ചില സങ്കീർത്തനങ്ങൾ പാടുന്നതിനും മറ്റ് ചിലത് വ്യക്തിപരമായ ധ്യാനത്തിനും ഉപയോഗിച്ചിരുന്നു. ബുദ്ധിമാനായ ശലോമോൻ രാജാവിന്റെ ഉദ്ധരണികളുടെ മഹത്തായ ഒരു സമാഹാരമാണ് സദൃശ്യവാക്യങ്ങൾ, അതേസമയം അദ്ദേഹത്തിന്റെ തന്നെ ഒരു പ്രേമഗീതമാണ് ഉത്തമഗീതം.

**പ്രവചന പുസ്തകങ്ങൾ** സാധാരണയായി യെശയ്യാവ്, യിരമ്യാവ് പോലെയുള്ള വലിയ പ്രവാചകന്മാരെന്നും, ആമോസ്, യോന എന്നിവരെപ്പോലെയുള്ള ചെറിയ പ്രവാചകന്മാരെന്നും വിഭജിക്കപ്പെട്ടിരിക്കുന്നു. ആ കാലയളവിൽ പഴയനിയമം പൂർത്തിയായിരുന്നില്ല, അതുകൊണ്ട് ദൈവം തന്റെ സന്ദേശം തിരഞ്ഞെടുത്ത തന്റെ പ്രതിനിധികളെ ഉപയോഗിച്ച് യെഹൂദന്മാരെ അറിയിച്ചു പോന്നു. അവരിൽ ചിലർ ഭാവികാലത്തെക്കുറിച്ച് പ്രോത്സാഹനകരമായ സന്ദേശങ്ങൾ നൽകി, മറ്റു ചിലർ അത്യാസന്ന ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകി. ചിലർ പ്രവാസകാലത്തിന് മുമ്പ് പ്രവചിച്ചു. ദാനിയേലിനെപ്പോലെയുള്ള ചിലർ പ്രവാസകാലഘട്ടത്തിലും മറ്റ് ചിലർ യിസ്രായേലിലേക്ക് മടങ്ങി വന്നതിനുശേഷവും പ്രവചിച്ചു. നമ്മുടെ ക്രിസ്തീയ ജീവിതത്തിന് പ്രയോജനകരമായ അനേകം കാര്യങ്ങൾ പഠിക്കുവാൻ തക്കവണ്ണമുള്ള തത്വങ്ങൾ അടങ്ങിയിട്ടുണ്ട്. പഴയനിയമത്തിൽ വളരെയധികം പ്രാഗത്ഭ്യം നേടിയിരുന്നു പൗലോസ് ഇത് വായിക്കുന്നതിന്റെ മൂല്യത്തെക്കുറിച്ച് പ്രയോജനകരമായ കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്.

**വായിക്കുക: 2 തിമോഥെയോസ് 3:10–17**

"എന്നാൽ മുന്നെഴുതിയിരിക്കുന്നത് ഒക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു" *(റോമർ 15:4)*

പുതിയനിയമത്തെ മൂന്ന് ഗ്രൂപ്പുകളായി തിരിക്കാം

1. **സുവിശേഷങ്ങളും ചരിത്രവും** - മത്തായി മുതൽ അപ്പോസ്തപ്രവൃത്തികൾ വരെ
2. **ലേഖനങ്ങൾ (ഇവ കത്തുകളാണ്)** – റോമർ മുതൽ യൂദ വരെ
3. **പ്രവചന പുസ്തകം** - വെളിപ്പാട്

**സുവിശേഷങ്ങളും ചരിത്രവും** എന്ന ഭാഗം യേശുകർത്താവിന്റെ ജനന - ജീവിത - മരണ - പുനരുത്ഥാനത്തെക്കുറിച്ചുള്ള നാല് പുസ്തകങ്ങൾ ഉൾപ്പെടുന്നു. ഈ പുസ്തകങ്ങൾ ഓരോന്നിനേയും 'സുവിശേഷം' (നല്ല വാർത്ത) എന്ന് വിളിക്കുന്നു. ഇതു കൂടാതെ അപ്പോസ്തല പ്രവൃത്തികൾ എന്ന പേരിൽ അപ്പോസ്തലന്മാരിലൂടെയുള്ള (പ്രധാനമായും പൗലോസ്, പത്രോസ് എന്നിവരെക്കുറിച്ച്) പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെക്കുറിച്ചും ക്രിസ്തീയസഭയുടെ ആരംഭത്തെക്കുറിച്ചുമുള്ള വിവരണം അടങ്ങുന്ന ഒരു പുസ്തകവും സുവിശേഷങ്ങൾക്ക് ശേഷം കാണാം.

**ലേഖനങ്ങൾ** എന്നു പറയുന്നത് ആദിമകാല വിശ്വാസികളുടെ ഒരു തപാൽ പെട്ടിയാണ്. ഇവയിൽ ഏറ്റവും ദൈർഘ്യമേറിയത് പൗലോസിനാൽ എഴുതപ്പെട്ടവയാണ്, ഇത് താൻ സന്ദർശിച്ച സഭകൾക്ക് അവരുടെ സഭാനടത്തിപ്പിനും വ്യക്തിപരമായ ക്രിസ്തീയ ജീവിതത്തിനും സഹായകരമായി എഴുതിയവയാണ്. മറ്റുള്ള ലേഖനങ്ങൾ, അതായത് പത്രോസിന്റെ ലേഖനങ്ങൾ പോലെയുള്ളവ പീഢനങ്ങൾ അനുഭവിച്ച ക്രിസ്ത്യാനികളുടെ സഹായത്തിനും ഉപദേശത്തിനുമായി എഴുതപ്പെട്ടവയാണ്. ഇന്നുള്ള സഭകളും തങ്ങളുടെ നടപടിക്രമങ്ങളുടേയും നടത്തിപ്പിന്റേയും അടിസ്ഥാനമായി ഈ ലേഖനങ്ങൾ ഇപ്പോഴും ഉപയോഗിക്കുന്നു.

**പ്രവചന പുസ്തകം** എന്നറിയപ്പെടുന്നത് വെളിപ്പാട് പുസ്തകത്തെയാണ്. ഭാവിയിൽ സംഭവിപ്പാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് ഈ പുസ്തകം വിവരിക്കുന്നത്.

വ്യത്യസ്ത തരത്തിലുള്ള ഈ പുസ്തകങ്ങൾ ഉണ്ടെങ്കിൽ പോലും ബൈബിളിന്റെ ആദി മുതൽ അവസാനം വരെയും പുസ്തകങ്ങളുടെ ഏകത്വവും ഒരുമയും അത്ഭുതപ്പെടുത്തുന്ന ഒരു വസ്തുതയാണ്. ദൈവത്തെക്കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നത് നാം ശ്രദ്ധിച്ചാൽ, മോശെയുടെ പുസ്തകങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്ന അതേ ദൈവത്തെയാണ് വെളിപ്പാട് പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. മാത്രമല്ല, സമ്പൂർണ്ണ ബൈബിൾ വെളിപ്പെടുത്തുന്ന കേന്ദ്ര പ്രതിപാദ്യ വിഷയം ഒന്നുതന്നെയാണ്- യേശുകർത്താവ് എന്ന വ്യക്തിയും അവന്റെ പ്രവൃത്തികളും. അവന്റെ വരവിനെക്കുറിച്ച് പഴയനിയമത്തിൽ മുമ്പു കൂട്ടി പ്രവചിച്ചിരുന്നു അത് പുതിയനിയമത്തിൽ പ്രഖ്യാപിക്കുകയും വിവരിക്കുകയും ചെയ്തിരിക്കുന്നു. മാത്രമല്ല, ഓരോ പുസ്തകത്തിലും രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ വഴി എപ്പോഴും ഒന്നു തന്നെയാണ്. "ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറികയും ചെയ്യുന്നതുകൊണ്ട്, നീ പഠിച്ചും നിശ്ചയം പ്രാപിച്ചു ഇരിക്കുന്നതിൽ നിലനിൽക്ക" *(2 തിമൊഥെയോസ് 3:15)*

ബൈബിളിലെ എല്ലാ പുസ്തകങ്ങളിലൂടെയും ഒരേ മനസ്സാണ് കാണുവാൻ കഴിയുന്നത് എന്നത് എപ്രകാരമാണ് വിവരിക്കുവാൻ സാധിക്കുന്നത്? ബൈബിൾ സ്വയമായി ഇതിന് ഉത്തരം നൽകുന്നു. ബൈബിളിന്റെ അവകാശവാദം ഇപ്രകാരമാണ് "എല്ലാ തിരുവെഴുത്തും ദൈവനിശ്വാസീയമാണ് " *( 2 തിമൊഥെയോസ് 3:16)*

ഇത് എന്താണ് അർത്ഥമാക്കുന്നതെന്ന് നമുക്ക് അടുത്ത പഠനത്തിൽ ശ്രദ്ധിക്കാവുന്നതാണ്. ഒരു ഉപസംഹാരം എന്ന നിലയിൽ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക "എല്ലാ തിരുവെഴുത്തും.... പ്രയോജനമുള്ളത് ആകുന്നു" ഈ നാല് താക്കോൽ വാക്കുകൾ എടുത്ത് ഇപ്രകാരം പറയുവാൻ സാധിക്കും; "ഉപദേശം " എന്നത് ശരിയായത് എന്താണ്, എന്നതിനെക്കുറിച്ചും, "ശാസനം - ശരിയല്ലാത്തത് എന്താണ് എന്നതിനെക്കുറിച്ചും, "ഗുണീകരണം " എന്നത് ഇത് എപ്രകാരം ശരിയാക്കാം എന്നതിനെക്കുറിച്ചും, "അഭ്യസനം" എന്നത് ശരിയായി എപ്രകാരം നിലനിൽക്കാം എന്നതിനേയും വ്യക്തമാക്കുന്നു.

**1** ചുവടെയുള്ളവ ഏതു പുസ്തകത്തിലാണ് കണ്ടെത്തുവാൻ കഴിയുന്നത്?

a. ക്രിസ്തീയ സഭയുടെ ആരംഭത്തിന്റെ വിശദീകരണം? ................................................

b. തീത്തോസിനോടുള്ള പൗലോസിന്റെ വിശദീകരണം? ................................................

c. ശലോമോന്റെ പഴമൊഴികൾ? ................................................

d. ആരാധനയ്ക്ക് പാടുവാൻ കഴിയുന്ന പാട്ടുകൾ? ................................................

e. ശിംശോന്റേയും ഗിദയോന്റേയും കഥകൾ? ................................................

f. യിസ്രായേലിന്റെ ബാബേൽ പ്രവാസകാലത്ത് എഴുതപ്പെട്ട ഒരു പ്രവചനം? ................................................

g. യെരുശലേമിലേക്കുള്ള യിസ്രായേലിന്റെ മടങ്ങി വരവ് ................................................

h. മോശയോടൊപ്പമുള്ള യിസ്രായേലിന്റെ മിസ്രയിമിൽ നിന്നുള്ള യാത്ര? ................................................

i. പഴയനിയമത്തിലെ ഒന്നാമത്തെ ചരിത്ര പുസ്തകം? ................................................

j. ഭാവികാലത്തെക്കുറിച്ചുള്ള പുതിയനിയമത്തിലെ പ്രവചനങ്ങൾ? ................................................

5

**2** ഇടത്തുഭാഗത്തെ കോളത്തിൽ യേശുകർത്താവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ ഉൾപ്പെട്ടിട്ടുള്ള 5 പഴയനിയമ റഫറൻസുകൾ നൽകിയിരിക്കുന്നു. **ഈ പ്രവചനങ്ങൾ ശ്രദ്ധിക്കുകയും ഇവയുടെ നിവർത്തീകരണത്തെക്കുറിച്ച് പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നത് നോക്കുകയും ചെയ്തശേഷം ഈ നിവർത്തീകരണങ്ങൾ എന്തെല്ലാമാണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.**

| | | | |
|---|---|---|---|
| **i.** | *സങ്കീർത്തനം 69:21* | *യോഹന്നാൻ 19:28 – 29* | ................................................ |
| **ii.** | *ഹോശേയ 11:1* | *മത്തായി 2:15* | ................................................ |
| **iii.** | *യെശയ്യാവ് 7:14* | *മത്തായി 1:22 – 24* | ................................................ |
| **iv.** | *യെശയ്യാവ് 53:5* | *1 പത്രോസ് 2:24* | ................................................ |
| **v.** | *സങ്കീർത്തനം 22:1* | *മത്തായി 27:46* | ................................................ |

10

(പഴയനിയമത്തിലെ അനേകം പ്രവചനങ്ങളും പുതിയനിയമത്തിൽ നിവർത്തിയായി എന്ന വസ്തുത ബൈബിളിന്റെ നിസ്തുല്യതയെ തെളിയിക്കുന്നു)

**3** യേശുകർത്താവ് ഒരു സന്ദർഭത്തിൽ ഇപ്രകാരം പറഞ്ഞു, "**നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്ക് നിത്യജീവൻ ഉണ്ട് എന്ന് നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്ക് സാക്ഷ്യം എന്നു പറയുന്നു**"(**യോഹന്നാൻ 5:39**) (താൻ പഴയനിയമത്തെക്കുറിച്ചാണ് സംസാരിച്ചത്) ചുവടെയുള്ള റഫറൻസിന്റെ പട്ടിക നോക്കി അവ ഓരോന്നും യേശുകർത്താവിനെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഒരു പ്രധാന വസ്തുത എടുത്തെഴുതുക.

a. *യെശയ്യാവ് 9:6* ................................................

b. *സെഖര്യാവ് 9:9* ................................................

d. *യെശയ്യാവ് 53:6* ................................................

e. *യെശയ്യാവ് 61:1* ................................................

(**ലൂക്കോസ് 4:18 & 19** താരതമ്യം ചെയ്യുക)

5

**4** ബൈബിളിന്റെ പുസ്തകങ്ങൾ സമ്പൂർണ്ണ ഐക്യതയും ഒരുമയും വെളിപ്പെടുത്തുന്നു **ഈ പ്രസ്താവന എന്താണ് അർത്ഥമാക്കുന്നതെന്നതിന് ഒരു ചെറിയ വിവരണം എഴുതുക.**

................................................................................................
................................................................................................
................................................................................................
................................................................................................

5

25

ആകെ മാർക്ക്

പേര്.............................................

# ബൈബിൾ

## യൂണിറ്റ് A

## പഠനം 3. ദൈവവചനം

**വായനാഭാഗം: 1 കൊരിന്ത്യർ 2:11–16**

**താക്കോൽവാക്യം: 2 പത്രോസ് 1:21**

**"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യൻ പരിശുദ്ധാത്മാനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ"**

ബൈബിൾ ദൈവനിശ്വാസീയമാണെന്ന് പ്രഖ്യാപിക്കുന്നുവെന്ന് കഴിഞ്ഞ പഠനത്തിൽ സൂചിപ്പിച്ചിരുന്നു. ദൈവം ഇതിന്റെ എഴുത്തുകാരെ അവരുടെ എഴുത്തിൽ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തു എന്നാണ് ഇത് അർത്ഥമാക്കുന്നത്. ബൈബിളിന് ഏകദേശം നാല്പത് എഴുത്തുകാർ ഉണ്ടെന്ന് നാം മനസ്സിലാക്കിയതാണ്. എന്നിരുന്നാലും ഇതിന് ഒരേയൊരു എഴുത്തുകാരനേയുള്ളൂ- ദൈവം. അതുകൊണ്ട് ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നത് ദൈവവചനം എന്നാണ്. ബൈബിളിന്റെ നിശ്വാസീയതയുടെ പ്രഖ്യാപനങ്ങൾ ബൈബിളിലുടനീളം കാണാവുന്നതാണ്.

**പഴയനിയമം**

"ദൈവം ഈ വചനങ്ങളൊക്കെയും അരുളി ചെയ്തു" എന്ന് മോശെ എഴുതിയിരിക്കുന്നു *(പുറപ്പാട് 20:1)*. താൻ ദൈവവചനം എഴുതി എന്ന് മോശെ മറ്റ് അഞ്ഞൂറോളം സ്ഥലങ്ങളിൽ പറഞ്ഞിരിക്കുന്നു. പിന്നീട് ദാവീദ് ഇപ്രകാരം പറയുന്നു, "യഹോവയുടെ ആത്മാവ് എന്നിൽ സംസാരിക്കുന്നു; അവന്റെ വചനം എന്റെ നാവിന്മേൽ ഇരിക്കുന്നു" *(2 ശമൂവേൽ 23:2)*

"യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ" എന്ന് പ്രവാചകനായ യിരമ്യാവ് പല സന്ദർഭങ്ങളിൽ പറയുന്നു *(യിരമ്യാവ് 2:1- 2)* "യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു" എന്ന പ്രയോഗം 400-ൽ അധികം പ്രാവശ്യം പഴയനിയമത്തിൽ കാണുന്നു.

**പുതിയനിയമം**

ദൈവം തന്റെ അപ്പോസ്തലന്മാർക്ക് തന്റെ വചനങ്ങൾ കൃത്യതയോടെ ഓർമ്മപ്പെടുത്തി നൽകും എന്ന് യേശുകർത്താവ് തന്നെ ഉറപ്പ് നൽകിയിരുന്നു. ഇവ നമുക്ക് നാല് സുവിശേഷങ്ങളിലായി ഉണ്ട്. താൻ സ്വർഗ്ഗത്തിലേക്ക് പോയശേഷം അപ്പോസ്തലന്മാർ അറിഞ്ഞിരിക്കേണ്ടുന്നതെല്ലാം പരിശുദ്ധാത്മാവ് അവരെ പഠിപ്പിക്കും എന്നും യേശുകർത്താവ് പറഞ്ഞിട്ടുണ്ട്. 'എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ച് തരികയും ഞാൻ നിങ്ങളോട് പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും' *(യോഹന്നാൻ 14:26)* ഇത് അപ്രകാരം തന്നെ സംഭവിച്ചു എന്ന് അപ്പോസ്തലന്മാർ സാക്ഷ്യം വഹിക്കുന്നു. പൗലോസ് പുതിയനിയമത്തിലെ പകുതിയോളം ലേഖനങ്ങൾ എഴുതി. താൻ ചുവടെ കൊടുത്തിരിക്കുന്ന പ്രഖ്യാപനങ്ങൾ ചെയ്തു.

"ഞാൻ കർത്താവിൽ നിന്നും പ്രാപിക്കുകയും നിങ്ങൾക്ക് ഏല്പിക്കുകയും ചെയ്തത് എന്തെന്നാൽ...." *(1 കൊരിന്ത്യർ 11:23)*

"....ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു" *(1 തെസലോനിക്യർ 4:15)* '

"ഇത് ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട്...." *( 1 കൊരിന്ത്യർ 2:13)*

ദൈവം ആഗ്രഹിച്ച കാര്യങ്ങൾ മനുഷ്യനെക്കൊണ്ട് താൻ എപ്രകാരമാണ് എഴുതിച്ചത്? പൗലോസിന്റെ എഴുത്തു ശൈലി യോഹന്നാന്റേതിൽ നിന്നും വ്യത്യസ്തമാണ്. യിരമ്യാവിന്റെ ശൈലി യെശയ്യാവിന്റേതു പോലെയല്ല. അങ്ങനെയെങ്കിൽ, ഈ മനുഷ്യർ എഴുതിയപ്പോൾ അവർ തങ്ങളുടെ മനസ്സ് ഉപയോഗിച്ചു എന്നും അവരുടെ വ്യക്തിത്വം അവരുടെ എഴുത്തുകളിലൂടെ വെളിപ്പെടുന്നുവെന്നും വ്യക്തമാണ്. ദൈവം അവരെ പേനയോ കമ്പ്യൂട്ടറോ പോലെ ജീവനില്ലാത്ത വസ്തുക്കളെപ്പോലെയല്ല ഉപയോഗിച്ചത്!

എഴുത്തുകാരെ ഒരുക്കുക എന്ന ക്രമീകരണമാണ് ദൈവം ചെയ്തത്. അവരുടെ ജനനത്തിന്റെ സ്ഥലത്തേയും സമയത്തേയും, അവരുടെ വളർച്ചയേയും, അവരുടെ വിദ്യാഭ്യാസത്തേയും മറ്റും അവൻ നിയന്ത്രിച്ചു. അവൻ അവർക്ക് വെളിപ്പെടുത്തി കൊടുത്തത് അവൻ എഴുതിയപ്പോൾ അവൻ പദ്ധതിയിട്ടതുപോലെ തന്നെ അവർ എഴുതി.

ഉദാഹരണത്തിന്, ദൈവം അബ്രഹാമിന്റെ ജീവിതം ഒരു പ്രത്യേക രീതിയിൽ എഴുതുവാൻ തീരുമാനിച്ചപ്പോൾ ഒരു കാര്യദർശിയെ കണ്ടെത്തി പിന്നീട് അവൻ അത് മോശെയുടെ ലഭ്യതയനുസരിച്ച് പറഞ്ഞു കൊടുക്കും വിധം അവസാന നിമിഷം വരെ കാത്തിരുന്നില്ല. മോശയുടെ ജനനത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും വിശദാംശങ്ങൾ ദൈവം ക്രമപ്പെടുത്തി ഇപ്രകാരം ദൈവം ആഗ്രഹിച്ച കാര്യങ്ങൾ അവൻ മോശയെക്കൊണ്ട് എഴുതിപ്പിച്ചു. അപ്രകാരം മോശെ എഴുതിയ വാക്കുകൾ തന്റെ സ്വന്തവാക്കുകളും അതേസമയം അവ ദൈവത്തിന്റെ വചനം എപ്രകാരമാണ് എഴുതിയതെന്ന് അവർ മനസ്സിലാക്കി, ... "നാഥനേ.... എന്നു നിന്റെ ദാസനായ ദാവീദ് മുഖാന്തരം പരിശുദ്ധാത്മാവിനാൽ അരുളി ചെയ്തവനേ... " *(അപ്പോസ്തലപ്രവൃത്തി 4:24- 25)* താക്കോൽ വാക്യവും ശ്രദ്ധിക്കുക "പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മാനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ" *(2 പത്രോസ് 1:21)*

എന്തിനാണ് ബൈബിൾ എഴുതുവാൻ ദൈവം മനുഷ്യനെ നിയോഗിച്ചത്? നാം ദൈവത്തെക്കുറിച്ച് ചില കാര്യങ്ങൾ മനസ്സിലാക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. ദൈവം ഉണ്ടാക്കിയ പ്രപഞ്ചത്തിൽ നിന്നും വളരെ കുറച്ചു കാര്യങ്ങൾ ദൈവത്തെക്കുറിച്ച് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും ഉദാഹരണമായി, അവൻ ശക്തിയുള്ളവനും വിവേകമുള്ളവനുമാണെന്ന് നമുക്ക് പറയുവാൻ സാധിക്കും എന്നാൽ പാപം ചെയ്യുന്നവരോട് അവന് ക്ഷമിക്കുവാൻ മനസ്സുള്ളവനാണോ എന്നോ അവനെ എപ്രകാരം ആരാധിക്കണം എന്നോ, അതോ നാം മരിച്ചശേഷം നമുക്ക് എന്ത് സംഭവിക്കും എന്നതിനെക്കുറിച്ചൊന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുകയില്ല, ഇവയെക്കുറിച്ച് മനുഷ്യന് അറിവ് ലഭിക്കുവാൻ ദൈവം തന്നെ ഈ കാര്യങ്ങൾ വെളിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇതാണ് താൻ തന്റെ പ്രവാചകന്മാരിലൂടെയും അപ്പോസ്തലന്മാരിലൂടെയും ചെയ്തത്.

ദൈവത്തിന്റെ വെളിപ്പാട് എഴുതപ്പെടേണ്ടതിന്റെ ആവശ്യം എന്തായിരുന്നു? ദൈവം നേരിട്ട് തന്നെത്താൻ വെളിപ്പെടുത്തിയത് കുറച്ചു പേർക്കുമാത്രമാണ്, അതും വളരെ നാളുകൾക്ക് മുമ്പ്. ദൈവം പറഞ്ഞ കാര്യങ്ങൾ പിന്നീട് ജീവിച്ചിരിക്കുന്നവർ അറിയുവാൻ രണ്ടു മാർഗ്ഗങ്ങളേയുള്ളൂ. വാമൊഴിയാൽ ദൈവത്തിന്റെ വചനം പകർന്നു നൽകുക. അച്ഛനിൽ നിന്നും മകനിലേക്കും, കൊച്ചുമകനിലേക്കും അവന്റെ മകനിലേക്കും എന്ന രീതിയിലോ അല്ലെങ്കിൽ എഴുതിയശേഷം കൈമാറുന്നതിലൂടെയോ ആവാം. എല്ലാക്കാലത്തും മനുഷ്യരാശിക്കായി ഇത് ഏറ്റവും കൃത്യതയോടെ സൂക്ഷിച്ചു വെയ്ക്കുവാൻ പറ്റിയ മാർഗ്ഗം ഇതു തന്നെയാണ്.

ദൈവം തന്നെക്കുറിച്ചുള്ള സത്യങ്ങൾ നാം അറിയണമെന്ന് അവൻ ആഗ്രഹിക്കുന്നു. രക്ഷയുടെ (ഏക) സത്യമായ മാർഗ്ഗം നാം മനസ്സിലാക്കണമെന്ന് അവൻ ആഗ്രഹിച്ചു. തന്റെ വചനം എന്നന്നേക്കുമായി നിലനിർത്തണമെന്ന് താൻ ആഗ്രഹിച്ചു. അങ്ങനെ അവൻ ആളുകളെ നിയന്ത്രണ വിധേയരാക്കി നമുക്കുവേണ്ടി എഴുതി വെച്ചു. ഈ വചനങ്ങൾ യിസ്രായേലിനുള്ളതും, സഭയ്ക്കുള്ളതും, ലോകത്തിനുള്ളതും പിന്നെ എനിക്കു വേണ്ടിയുള്ളതാണെന്നും നാം മനസ്സിലാക്കുമ്പോൾ നാം ഈ വചനത്തിന് എത്രത്തോളം പ്രാധാന്യം നൽകണം. നാം വിവേകികളാണെങ്കിൽ ഈ സത്യങ്ങളെ നാം ശ്രദ്ധിച്ചു കൊണ്ട് നമ്മുടെ ഹൃദയങ്ങളിലേക്ക് അവയെ പകർത്തി നമ്മുടെ ജീവിതങ്ങൾ നയിക്കപ്പെടുവാൻ നാം ഇത് ഉപയോഗിക്കും.

**1** A. "ബൈബിൾ ദൈവനിശ്വാസീയമാണ് ''എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

..................................................................................................................

..................................................................................................................

B. ഇത് പഴയനിയമത്തിൽ നിന്നും എങ്ങനെ തെളിയിക്കാം?

..................................................................................................................

..................................................................................................................

C. ഇത് പുതിയനിയമത്തിൽ നിന്നും എങ്ങനെ തെളിയിക്കാം?

..................................................................................................................

.................................................................................................................. 6

**2** ***1 കൊരിന്ത്യർ 11:23 – 25ഉം 1 തെസ്സലോനിക്യർ 4:15 – 17***ഉം നോക്കുക. ഈ രണ്ട് വായനാഭാഗത്തിലും ദൈവനിശ്വാസീയതയിൽ പൗലോസ് എഴുതിയ രണ്ട് പ്രധാനപ്പെട്ട ഉപദേശങ്ങളെ അഥവാ വിശ്വാസങ്ങളെ എഴുതുക.

i. .................................................................................................................. 2

ii. ..................................................................................................................

**3** A. **താക്കോൽവാക്യം** വീണ്ടും ശ്രദ്ധിച്ചശേഷം ഇത് എന്താണ് അർത്ഥമാക്കുന്നതെന്ന് **നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.**

..................................................................................................................

.................................................................................................................. 3

..................................................................................................................

**4** B. മനുഷ്യരാശിയെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യത്തെ നമുക്ക് വെളിപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ മാർ ഗ്ഗമാണ് ബൈബിൾ.

a. തന്റെ ഉദ്ദേശ്യങ്ങൾ നമ്മോട് വെളിപ്പെടുത്തുവാൻ അവൻ തീരുമാനിച്ചതെന്തുകൊണ്ട്?

..................................................................................................................

..................................................................................................................

b. തന്റെ വെളിപ്പാടുകൾ എഴുതപ്പെടേണ്ടിയിരുന്നത് എന്തുകൊണ്ട്?

..................................................................................................................

..................................................................................................................

c. പ്രവാചകന്മാരുടെ സന്ദേശങ്ങൾ അപര്യാപ്തമായിരിക്കുന്നത് എന്തുകൊണ്ട്?

..................................................................................................................

.................................................................................................................. 6

**5** A. യേശുകർത്താവ് പറഞ്ഞ കാര്യങ്ങൾ അപ്പോസ്തലന്മാർ എഴുതുന്നതിൽ എപ്രകാരമാണ് കാര്യസ്ഥനായ പരിശുദ്ധാത്മാവ് സഹായിക്കുന്നത്?

..................................................................................................................

.................................................................................................................. 4

B. അവർക്ക് ഇപ്രകാരമുള്ള ഒരു സഹായം എന്തിനായിരുന്നുവെന്നാണ് നിങ്ങൾ കരുതുന്നത്?

..................................................................................................................

..................................................................................................................

**6** 'തിരുവെഴുത്തിന്റെ ദൈവനിശ്വാസീയത ' ഒരു പ്രധാനപ്പെട്ട ക്രിസ്തീയ വിശ്വാസമായിരിക്കുന്നത് എന്തുകൊണ്ട്?

.................................................................................................................. 4

..................................................................................................................

**25**

ആകെ മാർക്ക്

# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

# ബൈബിൾ

## യൂണിറ്റ് A

## പഠനം 4. വായിക്കേണ്ടുന്ന ഒരു പുസ്തകം

പേര്...........................................

**താക്കോൽവാക്യം: സങ്കീർത്തനം 119:105**

**""നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാത യ്ക്ക് പ്രകാശവും ആകുന്നു"**

**വായനാഭാഗം: സങ്കീർത്തനം 119:97 – 108**

ന്യൂലൈഫ് ബൈബിൾ പഠനകോഴ്സ് ബൈബിളിലെ പ്രധാന പഠിപ്പിക്ക ലുകളെ കുറിച്ച് നിങ്ങൾക്ക് മനസ്സിലാക്കുവാനായി തയ്യാർ ചെയ്തിരിക്കു ന്നതാണെങ്കിലും ഈ പഠനങ്ങൾ ഒരിയ്ക്കലും ബൈബിളിന്റെ സ്ഥാനമെ ടുക്കുവാൻ നിങ്ങൾ അനുവദിക്കരുത്.

കുഞ്ഞുങ്ങളുടെ വളർച്ചയ്ക്ക് പാൽ വളരെ അത്യാവശ്യമാണ്. അതേപോലെ തന്നെ പുതുവിശ്വാസികൾ വിശ്വാസജീവിതത്തിൽ വളരുന്നതിന് ആത്മീയ 'പാൽ' ആയ ദൈവവചനം ആവശ്യമാണ്. *"ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോ ലെ രക്ഷയ്ക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ. കർത്താവ് ദയാലു എന്ന് നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ"* (1 പത്രോസ് 2:2 – 3).

ഓരോ പഠനത്തിന്റേയും മുകളിൽ കൊടുത്തിരിക്കുന്ന ബൈബിളിലെ വാ യനാഭാഗവും പഠനത്തിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങളും നൽകിയിരിക്കു ന്നു. പഠനക്കുറിപ്പുകളേക്കാളും അധികം നിങ്ങൾക്ക് മനസ്സിലാകുന്നതിന് വേണ്ടിയാണ്. ഈ പഠനം ബൈബിളുമായി ഒത്തു പോകുന്നുവെന്നും മന സ്സിലാക്കുന്നതിന് ഈ കുറിപ്പുകൾ സഹായിക്കുന്നു. ബൈബിൾ നിങ്ങ ളും സ്വയമായി വായിച്ചു മനസ്സിലാക്കുവാൻ ശ്രമിക്കണം. ഇത് എപ്രകാരം ചെയ്യാമെന്നുള്ള ചില മാർഗ്ഗങ്ങളാണ് ഈ പഠനം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഒന്നാമത്തെ സങ്കീർത്തനം ആരാണ് എഴുതിയത് എന്ന് നമുക്കറിയില്ല, എന്നാൽ ആരു തന്നെയായാലും, താൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു *"യ ഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിക്കുന്നവൻ ഭാഗ്യവാൻ"* (സങ്കീർ ത്തനം1:2) മാത്രമല്ല താൻ അത് രാപകൽ ധ്യാനിക്കുന്നു. താൻ ന്യായപ്രമാണം വായിച്ചുകൊണ്ടാണ് ഓരോ ദിവസവും ആരംഭിച്ച് അവസാനിപ്പിച്ചിരുന്നത് എന്നത് വളരെ വ്യക്തമാണ്, എന്നാൽ ഇത് പെട്ടെന്ന് വായിച്ച് അവസാനി പ്പിച്ചിട്ട് മറ്റെന്തെങ്കിലും ചെയ്യുവാൻ ധൃതി വെയ്ക്കുന്നതോ ഒരു ദിവസം ഉറങ്ങി അവസാനിപ്പിക്കുന്നതോ അല്ല അവൻ ധ്യാനിക്കുകയാണ് ചെയ്യുന്നത്. എന്നു വെച്ചാൽ താൻ ഈ വചനങ്ങളുടെ അർത്ഥത്തെക്കുറിച്ച് ചിന്തിക്കു വാൻ സമയം കണ്ടെത്തുകയും തന്റേതായ സാഹചര്യങ്ങളിലേക്ക് അവയെ ബന്ധിപ്പിക്കുകയും ചെയ്യുന്നു. ദൈവം തന്നോട് ആ ദിവസം എന്താണ് സംസാരിച്ചത് എന്നതാണ് പഠിക്കുന്നത്. ദൈവത്തിന് വേണ്ടി ഫലം പുറ പ്പെടുവിക്കുന്ന വളരെ ശക്തമായ ഒരു ആത്മീയ ജീവിതമാണ് ഇതിന്റെ അനന്തരഫലം. ഇത് മൂന്നാമത്തെ വാക്യത്തിൽ വിവരിച്ചിരിക്കുന്നു, *"അവൻ ആറ്ററികത്ത് നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും"*

### ഞാൻ എന്താണ് വായിക്കേണ്ടത്?

ബൈബിൾ ഒരു പുസ്തകസംഹിതയാണെന്ന് നിങ്ങൾക്കറിയാമല്ലോ എന്നാൽ ഇതിന്റെ വലിപ്പം കണ്ടിട്ട് മാറ്റിവെയ്ക്കേണ്ട ആവശ്യമില്ല. തുടക്കത്തിൽ ഏ റ്റവും താല്പര്യമുള്ള ഏതെങ്കിലും എടുത്തു വായിക്കുന്നതാണ് നല്ലത്. പേരുകളുടെ ഒരു വലിയ പട്ടികയിലൂടെ ആദ്യം തന്നെ സഞ്ചരിക്കുന്നത് ഒരു നല്ല ആശയമല്ല. ദൈവത്തിന് ഈ പേരുകളുടെ പട്ടിക നൽകിയ തുകൊണ്ട് ഒരു ഉദ്ദേശ്യമുണ്ടെങ്കിൽ തന്നെയും പലർക്കും ഇത് ഒരു ടെ ലിഫോൺ ഡയറക്ടറി വായിക്കുന്നതുപോലെയാണ്. ഈ പഠനത്തിന്റെ അവസാനഭാഗത്ത് നിങ്ങളുടെ വായനയ്ക്ക് സഹായത്തിന് ബൈബിളിലെ ചില പുസ്തകങ്ങളുടെ ഒരു പട്ടിക നൽകിയിട്ടുണ്ട്. നിങ്ങളുടെ സ്വന്തം ആസ്വാദനത്തിന് എന്തെങ്കിലും വായിക്കുവാൻ തോന്നുമ്പോൾ ഇത് ഒന്ന് ഉപയോഗിച്ച് നോക്കാവുന്നതാണ്. എന്നിരുന്നാലും കൂടെക്കൂടെ ക്രമാനു ഗതമാക്കുന്നത് നല്ലതാണ്. ബൈബിളിലെ വായിച്ച പുസ്തകങ്ങളുടെ ഒരു കുറിപ്പ് സൂക്ഷിച്ചു വെയ്ക്കുക. ഇപ്രകാരം ബൈബിളിലുടനീളം പതുക്കെ നീങ്ങിത്തുടങ്ങുക.

### ഏത് ബൈബിളാണ് ഞാൻ ഉപയോഗിക്കേണ്ടത്?

വ്യത്യസ്തങ്ങളായ പല ബൈബിൾ തർജ്ജമകളും കാണുമ്പോൾ പലരും ഒരു ആശയക്കുഴപ്പത്തിലെത്താറുണ്ട്. എന്നാൽ ഈ ആശയക്കുഴപ്പത്തിന്റെ ഒരു ആവശ്യവുമില്ല. ബൈബിൾ പ്രാരംഭത്തിൽ എഴുതപ്പെട്ടത് മൂന്നുഭാ ഷകളിലാണെന്ന് നാം മുമ്പ് പഠിച്ചതാണ് എന്നാൽ ഈ മൂന്നിലൊരു ഭാഷ മലയാളമല്ല. ഈ മൂല ഭാഷകളുടെ അർത്ഥം നമ്മുടെ മുന്നിൽ എത്തിക്കു ന്നതിനുവേണ്ടിയാണ് ഇന്ന് നിലവിലുള്ള പല തർജ്ജമകളും പല വാക്കുക ളുപയോഗിച്ച് ശ്രമിക്കുന്നത്. അതുകൊണ്ട് ബൈബിളിലെ പ്രയാസമേറിയ വായനാഭാഗങ്ങൾ ഒരു തർജ്ജിമയോട് മറ്റൊരു തർജ്ജിമ ഒത്തുനോക്കി താരതമ്യപ്പെടുത്തി പഠിക്കുന്നത് പ്രയോജനകരമാണ്.

ചില തർജ്ജിമകൾ മറ്റുള്ളവയിൽ നിന്നും മെച്ചപ്പെട്ടതാണ്. നമുക്ക് സു ഖപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നതോ മനസ്സിലാക്കുവാൻ കഴി യുന്നതോ ആയ ഒരു തർജ്ജിമയോ തർജ്ജിമകളോ നമുക്ക് തിരഞ്ഞെടു ക്കാവുന്നതാണ്, എന്നാൽ ഇത് വിശ്വാസയോഗ്യമായതും കൃത്യതയുള്ളതും ആയിരിക്കേണ്ടതാണ്.

### ഞാൻ എപ്രകാരമാണ് ഇത് ആരംഭിക്കേണ്ടത്?

ബൈബിൾ ശരിയായ നിലയിൽ വായിക്കുന്നതിന് മൂന്നു കാര്യങ്ങൾ അത്യ ന്താപേഷിതമാണ്. അവ ചുവടെ കൊടുക്കുന്നു:

**1. പ്രാർത്ഥന** – ബൈബിൾ ദൈവവചനമാണ്. വായിച്ചു തുടങ്ങുന്നതിന് മുമ്പു തന്നെ നിങ്ങളുടെ വായന ആസ്വാദ്യകരവും നിങ്ങൾക്ക് പ്രയോജനക രവും ആകേണ്ടതിന് ദൈവത്തോട് അപേക്ഷിക്കുക. നിങ്ങളുടെ പ്രാർത്ഥന വളരെ ദൈർഘ്യമുള്ളതാവണമെന്നില്ല. ഒരു ബൈബിൾ വായനക്കാരന്റെ പ്രാർത്ഥനയ്ക്കുള്ള നല്ലൊരു ഉദാഹരണമാണ് *സങ്കീർത്തനം 119 ന്റെ 18 '"നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണു കളെ തുറക്കേണമേ"*

**2. ശ്രദ്ധ** – ബൈബിളിലെ വാക്കുകളുടെ അർത്ഥങ്ങൾ ഒരു പക്ഷെ തെ റ്റായി മനസ്സിലാക്കുവാൻ ഇടയുണ്ട്. ഒരു വാക്യത്തേയോ ഒരു ഖണ്ഡികയോ മാത്രം വായിക്കുകയും അതിനെ ബൈബിളിന്റെ മറ്റു ഭാഗങ്ങളോട് താരതമ്യ പ്പെടുത്താതെയിരിക്കുമ്പോഴാണ് പ്രധാനമായും ഇങ്ങനെ സംഭവിക്കുന്നത്. നിങ്ങളുടെ ബൈബിളിന്റെ മാർജ്ജിനിലോ ആ പേജിന്റെ താഴെയോ മറ്റ് വാക്യങ്ങൾ നൽകിയിട്ടുണ്ടാവാം. നിങ്ങൾ വായിക്കുന്ന വിഷയത്തെക്കുറിച്ച് മറ്റ് വാക്യങ്ങൾ എന്തു പറയുന്നുവെന്ന് ഒന്നു ശ്രദ്ധിക്കുന്നത് നല്ലതാണ്. നിങ്ങൾ ദൈവവചനം കൂടുതലായി പഠിക്കുമ്പോൾ ഒരേ വിഷയം പ്രതി പാദിക്കുന്ന മറ്റ് ഭാഗങ്ങളെക്കുറിച്ച് നിങ്ങൾ തീർച്ചയായും മനസ്സിലാക്കും.

**3. ഉദ്ദേശ്യം** – ദൈവം നിങ്ങൾക്ക് ഒരു മനസ്സ് നൽകിയിട്ടുണ്ട്! നിങ്ങൾ വായിക്കുന്നതിനെക്കുറിച്ച് ഈ മനസ്സ് ഉപയോഗിച്ചു കൊണ്ട് ചിന്തിക്കുക. ബൈബിളിന് നിങ്ങളെ എന്തു പഠിപ്പിക്കാൻ കഴിയും എന്നതായിരിക്കണം നിങ്ങളുടെ ലക്ഷ്യം. നിങ്ങൾ എപ്പോഴെക്കെ ബൈബിൾ വായിച്ചാലും ചു വടെ കൊടുത്തിരിക്കുന്നതുപോലെയുള്ള ചോദ്യങ്ങൾ ഉന്നയിക്കണം.

ഈ ഭാഗം ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് എന്നോട് എന്താ ണ് സംസാരിക്കുന്നത്

ദൈവത്തേയും അവന്റെ പ്രവൃത്തികളേയും കുറിച്ച്

കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച്

എന്റെ രക്ഷയെക്കുറിച്ച്

ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഞാൻ ജീവിക്കേണ്ടുന്ന രീതിയെക്കുറിച്ച്

പാപത്തെ ഒഴിവാക്കുന്നതിനെക്കുറിച്ച്

### ബൈബിൾ വായനയ്ക്ക് നിർദ്ദേശിക്കപ്പെട്ട പുസ്തകങ്ങളുടെ ഒരു പട്ടിക

ഉത്പത്തി– എങ്ങിനെയാണ് എല്ലാറ്റിന്റേയും ആരംഭം

യോഹന്നാന്റെ സുവിശേഷം – യേശു ഓരോ വ്യക്തികളെ സന്ദർശിക്കുന്നു.

അപ്പോസ്തലപ്രവൃത്തികൾ– സഭ എപ്രകാരമാണ് ആരംഭിച്ചത്?

ജെ. ബി. ഫിലിപ്സ് എന്ന വ്യക്തി ഒരു ദൈവവചന അദ്ധ്യാപകനായിരുന്നു. അദ്ദേഹത്തിന് ലണ്ടനിൽ ഒരു പറ്റം ചെറുപ്പക്കാരായ ശിഷ്യന്മാരുണ്ടായിരു ന്നു. അവർക്ക് ബൈബിൾ മനസ്സിലാക്കുന്നതിന് വളരെ പ്രയാസകരമാ യി തോന്നി. 2 തിമോഥെയോസ് 3:16 തന്റെ തർജ്ജിമയിൽ ഇപ്രകാരമാണ് കൊടുത്തിരിക്കുന്നത്, *"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ്, ഇത് വിശ്വാസത്തെ പഠിപ്പിക്കുന്നതിനും തെറ്റു തിരുത്തുന്നതിനും ഒരു മനുഷ്യന്റെ ജീവിതത്തിൽ ഗതി പുനൽക്രമീകരിക്കുന്നതിനും ഉത്തമമായ ജീവിതത്തി ന് പരിശീലനം നൽകുന്നതിനും ഉതകുന്നതാണ്. ഒരു ദൈവപുരുഷന്റെ ധാരണാശക്തിയുടെ ഉപകരണമാണ് ദൈവവചനം അത് അവന്റെ ഏത് മേഖലയിലുള്ള ജോലിയിലും അവനെ പൂർണ്ണമായും പ്രാപ്തനാക്കുന്നു"*

**1** വായനാഭാഗം വീണ്ടും വായിക്കുക ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ സങ്കീർത്തനക്കാരൻ ഏതു വാക്യത്തിലാണ് അഥവാ വാക്യങ്ങളിലാണ് എഴുതിയിരിക്കുന്നത്?

a. ദൈവവചനത്തോടുള്ള അവന്റെ സ്നേഹം ..............................

b. ദൈവവചനത്തിലുള്ള അവന്റെ ധ്യാനം ..............................

c. ദൈവവചനത്തോടുള്ള അവന്റെ അനുസരണം ..............................

d. ദൈവവചനത്തിന്റെ വാഗ്ദാനങ്ങളുടെ മൂല്യം ..............................

(മുമ്പ് വിവരിച്ച് പറഞ്ഞതുപോലെ ***സങ്കീർത്തനം 119***-ൽ ദൈവവചനത്തെ സൂചിപ്പിച്ചുകൊണ്ട് വ്യത്യസ്തമായ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു.)

5

**2** നിങ്ങൾ ബൈബിൾ വായിക്കുമ്പോഴോ പഠിക്കുമ്പോഴോ അത്യന്താപേഷിതമായി ഉണ്ടായിരിക്കേണ്ടുന്ന മൂന്നു കാര്യങ്ങൾ നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതിയശേഷം വിവരിക്കുക.

i ..............................

..............................

ii ..............................

..............................

iii ..............................

..............................

6

**3** ***സങ്കീർത്തനം 1*** വീണ്ടും വായിക്കുക

i. ഒന്നാം വാക്യത്തിൽ വിവരിച്ചിരിക്കുന്ന മനുഷ്യന്റെ മേൽ ബൈബിൾ വായനയ്ക്കും ധ്യാനത്തിനും എന്തു സ്വാധീനമാണ് ചെലുത്തുവാൻ കഴിഞ്ഞത്?

..............................

..............................

ii. ബൈബിൾ വായിക്കാത്തവരുടെ ജീവിത ശൈലി എപ്രകാരമാണ്? ***(വാക്യങ്ങൾ 4:5)***

..............................

..............................

iii. ബൈബിൾ വായിക്കുന്ന മനുഷ്യന് സംഭവിക്കുന്ന നല്ല കാര്യം / കാര്യങ്ങൾ എന്ത്?

..............................

..............................

6

**4** ചുവടെയുള്ളവ ശരിയോ തെറ്റോ എന്നെഴുതുക

a. ബൈബിൾ വായനയിലൂടെ നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നമുക്ക് കണ്ടെത്താൻ സാധിക്കും ..............................

b. ക്രമാനുഗതമായി ബൈബിൾ വായിക്കുന്നതാണ് ഏറ്റവും നല്ലത് ..............................

c. ബൈബിൾ ആദ്യമായി മലയാളത്തിലാണ് എഴുതപ്പെട്ടത് ..............................

d. ബൈബിൾ വായിക്കുന്നതിന് മുന്നോടിയായി നമ്മുടെ വായന ആസ്വാദ്യകരവും പ്രയോജനകരവുമാകാൻ ദൈവത്തോട് അപേക്ഷിക്കുക ..............................

4

**5** മുമ്പുള്ള പഠനത്തിൽ ഉദ്ധരിച്ചിരിക്കുന്ന ജെ. ബി. ഫിലിപ്സിന്റെ തർജ്ജിമ നിങ്ങളുടെ ജീവിതത്തിൽ എപ്രകാരമാണ് പ്രായോഗികമാക്കുവാൻ സാധിക്കുന്നത്?

..............................

..............................

..............................

4

100

യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25

ആകെ മാർക്ക്

© Bible Educational Services, P.O Box - 9, MOOKKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.com